II ഇ.ബി. XV- കേരള നിയമസഭ/XIV-4

**പതിനഞ്ചാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2025 സെപ്റ്റംബർ 19, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

15 (*91) <u>തൊഴിലാളികൾക്ക് മിനിമം വേതനം</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, 1948-ലെ മിനിമം വേതന നിയമപ്രകാരം സംസ്ഥാനത്ത് 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് കാലാകാലങ്ങളിൽ പുതുക്കി വരുന്നുണ്ടെന്നും വേജ് പ്രൊട്ടക്ഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ജിംനേഷ്യംസ്, പെയിന്റ് നിർമ്മാണം, വെയർഹൗസ്, ഗോഡൗൺ, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ എന്നീ

മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ സമയോചിതമായി ഇടപെടലുകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ വകുപ്പിനെ അറിയിക്കുന്നതിനായി 'സഹജ' എന്ന പേരിൽ കോൾ സെന്റർ സംവിധാനം സജ്ജീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ കാർഷിക കാർഷികേതര നിർമ്മാണ മേഖലകളിലെ പ്രതിദിന വേതനം ദേശീയ ശരാശരിയെക്കാൾ ഉയർന്നതാണെന്നും തുല്യജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ലേബർ കാർഡുള്ളവരുടെ തൊഴിൽ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 'നവശക്തി' പദ്ധതിക്ക് ബോർഡിന്റെ തനത് ഫണ്ടിൽനിന്നും 2 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും 'ഗിഗ്' തൊഴിലാളികളുടെ സംരക്ഷണം

ഉറപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടെന്നും പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

16 (*92) ക്ഷേമനിധി ബോർഡുകൾ വഴിയുള്ള ആനുകൂല്യങ്ങളുടെ വിതരണം

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് തനത് ഫണ്ടുപയോഗിച്ച് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ടെന്നും സർക്കാർ ഗ്രാന്റുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളുടെ കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേന ഏറ്റെടുത്ത് വിതരണം ചെയ്യുന്നുണ്ട്. തൊഴിൽ വകുപ്പിന് കീഴിലുള്ള

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവരശേഖരണത്തിനും ഇരട്ട അംഗത്വം ഒഴിവാക്കുന്നതിനും അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (AIIS) നടപ്പാക്കിവരുന്നുണ്ടെന്നും അംഗത്വ രജിസ്ട്രേഷൻ വർദ്ധിപ്പിക്കുന്നതിനായി മെമ്പർഷിപ്പ് ഡ്രൈവുകൾ നടത്തിവരുന്നുണ്ടെന്നും കെട്ടിട നിർമ്മാണ തൊഴിലാളി സെസ് പിരിവിന്റെ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിന് നൽകുകയും ഓൺലൈൻ പിരിച്ചെടുക്കുന്നതിലൂടെ വരുമാനവർധനവുണ്ടാകുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

17 (*93) <u>ദേശീയപാത 66-നിർമ്മാണത്തിലെ അപാകതകൾ</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, ദേശീയപാത 66-ന്റെ ഭാഗമായുള്ള റോഡുകൾ തകർന്ന സംഭവം ഗൗരവമായി കാണുന്നുണ്ടെന്നും ദേശീയപാതയുടെ വികസന പ്രവർത്തനങ്ങൾക്ക് ഭൂമിയേറ്റെടുക്കുന്നതിന് 5580.73 കോടി രൂപ സംസ്ഥാന ഗവൺമെന്റ് കൈമാറിയിട്ടുണ്ടെന്നും ദേശീയപാത അതോറിറ്റി പ്രവൃത്തികൾ

സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പാലങ്ങൾ തകരുന്ന സംഭവങ്ങളിൽ ഉത്തരവാദികളായവർക്കെതിരെ കർശന നിലപാട് സ്വീകരിക്കുമെന്നും കേരളത്തിലെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുമെന്നും ദേശീയപാത തകർന്ന കൂരിയാട് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വയഡക്ട് നിർമ്മിക്കാനുള്ള നിർദ്ദേശം കരാറുകാരന് നൽകിട്ടുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണത്തിലെ തടസങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

18 (*94) <u>പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശം</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി.-പി.എം.യു മുഖേന 75 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും നിരത്തു വിഭാഗത്തിനു കീഴിൽ 5822 കി.മീ. റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുണ്ടെന്നും 82 പ്രവൃത്തികളിലായി 263.29 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2016-21 കാലയളവിൽ റിക്ക് മുഖേന കാസർഗോഡ് ജില്ലയിലെ ഉപ്പള-കനിയാന റോഡ്, വിദ്യാനഗർ-സീതാംഗോളി റോഡ്, കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ്, തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്-ചെറ്റച്ചൽ റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തി 2017-18 കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും കെ.ആർ.എഫ്.ബി.യിൽ കോഴിക്കോട് നഗരപാത വികസന പദ്ധതിയുടെ

ഒന്നാം ഘട്ടവും കെ.ആർ.എഫ്.ബി.-പി.എം.യു മുഖേന 28 റോഡുകളും യാഥാർഥ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. റോഡ് നിർമ്മാണത്തിന് RAP ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിക്കുമെന്നും റണ്ണിങ് കോൺട്രാക്ടിലൂടെ റോഡുകൾ പരിപാലിക്കുമെന്നും ശബരിമല റോഡുകളുടെ പ്രവൃത്തികൾക്ക് 1107 കോടി 23 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും പാലങ്ങളുടെ നിർമ്മാണം വേഗത്തിലാക്കാൻ സാധിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

19 (*95) <u>ടൂറിസം മേഖലയിലെ ആനുകൂല്യങ്ങൾ</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം, ഗൃഹസ്ഥലി ഉൾപ്പെടെ വിവിധ പദ്ധതികൾക്ക് സബ്സിഡി നൽകിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 2023-ലെ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ അവതരിപ്പിക്കപ്പെട്ട പ്രോപ്പോസലുകൾ പരിശോധിക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ

സെൽ രൂപീകരിച്ചിട്ടുണ്ടെന്നും സംരംഭങ്ങളാരംഭിക്കുന്നതിനുള്ള അനുമതിക്കായി K-SWIFT പോർട്ടൽ വഴി സൗകര്യമൊരുക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ടൂറിസം മേഖലയിലെ നിക്ഷേപവുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുക, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, നിക്ഷേപകർക്കാവശ്യമായ ഫെസിലിറ്റേറ്ററി സേവനങ്ങൾ ലഭ്യമാക്കുക, നവസംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ ലഭ്യമാക്കുക, നയപരമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക, സിംഗിൾ വിന്റോ സേവനങ്ങൾ എളുപ്പമാക്കുക മുതലായവയാണ് ടൂറിസം ഇൻവെസ്റ്റേഴ്സ് ഫെസിലിറ്റേഷൻ സെന്റർ ലക്ഷ്യമിടുന്നതെന്നും ഇതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളിലെ ഓൺലൈൻ ബുക്കിങ് വിജയകരമാണെന്നും ഇതിലൂടെ സർക്കാരിന് 30 കോടിയിലധികം രൂപ വരുമാനമുണ്ടായെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

……………………………